DESPATCHED
On.9/2/22..

30/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.1101(5)/18/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 4682/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

**ശ്രീ. ബാബു. കെ,**
**അശ്വതി ഭവൻ, പ്ലാവിള,**
**ദർശൻ ലെയ്ൻ,**
**കാച്ചാണി, മുക്കോല,**
**കരകുളം പി.ഒ,**
**തിരുവനന്തപുരം.**
} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**സീനിയർ സൂപ്രണ്ട്,**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**നാലാംനില, സിവിൽ സ്റ്റേഷൻ,**
**കുടപ്പനക്കുന്ന് പി.ഒ**
**തിരുവനന്തപുരം – 695 043.**

**അപ്പീൽഅധികാരി &**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**നാലാംനില, സിവിൽ സ്റ്റേഷൻ,**
**കുടപ്പനക്കുന്ന് പി.ഒ**
**തിരുവനന്തപുരം – 695 043**
} **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 14.03.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 05.04.2018 |
| ഒന്നാംഅപ്പീൽ | 21.04.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | -- |
| രണ്ടാം അപ്പീൽ | 05.05.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 02.09.2021, (ഓഡിയോ ഹിയറിംഗ്) |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 27.01.2018 ൽ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭിക്കാത്തത് സംബന്ധിച്ച് 01.03.2018 ൽ അപ്പീൽ അധികാരിയ്ക്ക് ബി1 2893/18 നമ്പർ പ്രകാരം സമർപ്പിച്ച അപ്പീൽ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു, നടപടിയുടെ പകർപ്പ് ലഭ്യമാക്കാനാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ 02.09.2021 തീയതി ഇരുകക്ഷികളേയും ടെലഫോൺ സംവിധാനത്തിലൂടെ കേൾക്കാൻ നിശ്ചയിച്ചു. അന്നേ ദിവസം നടന്ന ഹിയറിംഗിൽ ഒന്നാം എതിർകക്ഷി പങ്കെടുക്കുകയുണ്ടായി. അപ്പീൽഹർജിക്കാരൻ പങ്കെടുത്തിരുന്നില്ല.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചത്, 01.03.2018 ൽ അപ്പീൽ സമർപ്പിച്ചതിന് ശേഷം അപേക്ഷകനെയും വിളപ്പിൽശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും ഹിയറിംഗിന് വിളിക്കുകയും അപേക്ഷകൻ ഹാജരായില്ല എന്നും ഹിയറിംഗിൽ പങ്കെടുത്ത പഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്, 27.01.2018 ൽ സമർപ്പിച്ച അപേക്ഷ പഞ്ചായത്തിലെ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കണ്ടെത്താൻ കഴിയിഞ്ഞിട്ടില്ലെന്നും ഒന്നാം അപ്പീലിന്റെ തീരുമാനത്തെ തുടർന്ന് ഒരിക്കൽ കൂടി തെരയുകയും തുടർന്ന് അപേക്ഷ കണ്ടെത്തിയതായും മാപ്പപേക്ഷയോടുകൂടി മറുപടി നൽകി എന്നുമാണ്.

4. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പി.ഐ.ഒയുടെ മൊഴിയും അപ്പീൽ അധികാരിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും 27.01.2018 ൽ സമർപ്പിച്ച അപേക്ഷ കണ്ടെത്തി 27.04.2018 ലെ എ1-3145/2018 നമ്പർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിതരണ രജിസ്റ്ററിൽ ചേർക്കുകയും തുടർന്ന് 30.04.2018 ൽ മറുപടി നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ ഈ അപ്പീൽഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി കൊണ്ട് **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി